# ഐ & പി.ആർ.ഡിയിൽ കണ്ടെന്റ് ഡെവലപ്പർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഒരു കണ്ടെന്റ് ഡെവലപ്പറെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ സ്ഥിരതാമസക്കാരായവർ മാത്രം അപേക്ഷിച്ചാൽ മതി.

ജേർണലിസം അല്ലെങ്കിൽ മാസ്സ് കമ്മ്യൂണിക്കേഷനിൽ ഡിഗ്രി / ഡിപ്ലോമ, ഓൺലൈൻ കണ്ടെന്റ് ഡെവലപ്മെന്റിൽ അഞ്ചു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം, മലയാളത്തിലും, ഇംഗ്ലീഷിലും ടൈപ്പിംഗ് കഴിവ് എന്നിവ ഉണ്ടായിരിക്കണം. പ്രായപരിധി 35 വയസ്സ്.

വാക്-ഇൻ-ഇൻറർവ്യൂയിലൂടെയാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. ഇതിന് മുന്നോടിയായി നിർദിഷ്ട വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷ iprddirector@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് ജനുവരി 20 നകം അയക്കേണ്ടതാണ്. അപേക്ഷിക്കുമ്പോൾ നിലവിലുള്ള വിലാസം, മൊബൈൽ ഫോൺ നമ്പർ എന്നിവ നിർബന്ധമായും നൽകേണ്ടതാണ്. വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം തെളിയിക്കുന്ന രേഖകളുടെ അസ്സൽ എന്നിവ ഇൻറർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.